ആലപ്പുഴ–മുഹമ്മറോഡ്

*൯ ൭ ൦. (൨) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ആലപ്പുഴ–മുഹമ്മറോഡിന്റെ സംരക്ഷണത്തിനായി ബഡ്ജറ്റവർഷത്തിൽ എത്ര രൂപ ചെലവാക്കിയിട്ടുണ്ട്;

(ബി) പ്രസ്തുത റോഡിൽക്കൂടി ഇപ്പോൾ എത്ര ലയിൻബസ്സുകൾ ഓടുന്നുണ്ട്;

(സി) വർഷകാലത്തു പ്രസ്തുതറോഡ് മോട്ടാർ ഗതാഗതത്തിനു തീരെ യോഗ്യമല്ലെന്നു ഗവൺമെണ്ടിനു് അറിയാമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൧,൭൫൨ രൂപാ ചെലവാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത റോഡിൽക്കൂടി ൧൨ ഡിപ്പാർട്ടുമെണ്ടൽ ബസ്സുകളും ൩൨ പ്രൈവറ്റ് ബസ്സുകളും ഓടുന്നുണ്ട്.

(സി) ഇപ്പോൾ പ്രസ്തുത റോഡ് മോട്ടാർ ഗതാഗതത്തിനു് യോഗ്യമാണ്.

സഹിബ്ബ് ബഹദൂർ ടി. എ. അബ്ദുള്ള: ഏത്രമൈൽ റോഡിനാണ് ഈ ൧,൭൫൨ രൂപാ ചെലവാക്കിയത്?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് ഏകദേശം ഏഴര മൈലോളം റോഡിനുവേണ്ടിയാണ്.

കലവൂർ–കാട്ടൂർ റോഡ്

*൯ ൭ ൧. (൩) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

കലവൂർ-കാട്ടൂർ റോഡിന്റെ സംരക്ഷണത്തിനു് ഈ വർഷം എത്രതുക ചെലവാക്കിയിട്ടുണ്ട്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

സംരക്ഷണത്തിനായി ഒന്നും ചിലവാക്കിയിട്ടില്ല. പക്ഷെ ഒരു സ്പെഷ്യൽ എസ്റ്റിമേറ്റ് അനുസരിച്ചു് ഒരു റോഡുണ്ടാക്കുന്നതിലേക്കായി ൧൦,൩൯൯ രൂപാ ചെലവാക്കിയിട്ടുണ്ട്.

FOOD PROCUREMENT

*972. [4] Sri. N. D. Jose: Will the Hon'ble Minister for Education, Labour and Civil Supplies be pleased to state:—

(*a*) the amount of food grains procured in the State this year, and expected to be procured;

(*b*) the amount of food grains expected to be imported; and

(*c*) whether these will be sufficient to provide sufficient rations?

Minister for Education, Labour and Civil Supplies (**Sri. Panampilli Govinda Menon**):

(*a*) (i) The amount of food grains procuredin the Travancore-Cochin State this year till the 28th October 1950 is the paddy equivalent of 61,982 tons of rice and 480 tons of Cholam.

LIBRARY ARCHIVES Kerala Legislative Assembly